**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1322** **15.6.2012-ൽ മറുപടിക്ക്**

**മാലിന്യപ്രശ്നം പരിഹരിക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | ബി) രണ്ടായിരാമാണ്ടിലെ നഗരഖരമാലിന്യ (പരിപാലന കൈകാര്യ)ചട്ടങ്ങൾ പ്രകാരം ഖരമാലിന്യ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നീ ചുമതല നിർവ്വഹിക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ ശേഖരിച്ച് പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന വിവിധ രീതിയിലുള്ള ബയോളജിക്കൽ പ്രോസ്സസിംഗ്, കമ്പോസിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങളിലൂടെ സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അജൈവ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാനിട്ടറി ലാൻഡ് ഫില്ലിംഗ്, ക്യാപ്പിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി പരിസ്ഥിതി സൗഹൃദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും സാങ്കേതിക ഉപദേശം നൽകി വരുന്നു. നഗരശുചീകരണവും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്നതിന് നഗരസഭകൾക്ക് ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.റ്റി എന്നീ പദ്ധതികളിൽ നിന്നും കേന്ദ്ര സഹായം ലഭ്യമാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകൾക്കും പഞ്ചായത്തുകൾക്കും പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പ്ലാന്റുകൾ കുറ്റവിമുക്തമാക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ